# പൂമ്പാറ്റകൾക്ക് പറയാനുള്ളത് ...



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ,

കൊടുവള്ളി ,തലശ്ശേരി

# മാഗസിൻ സമിതി

സ്റ്റുഡന്റ് എഡിറ്റർ : മുഹമ്മദ് ഷാദിൻ സമദ്

സബ് എഡിറ്റർ : സുകൃതി. ഇ. പി.

എഡിറ്റോറിയൽ ബോർഡ് :

കൃഷ്ണ പ്രിയ

രന്യ

ഫലഖ്

തമന്ന

# "കുട്ടിക്കൂട്ടം ഉഷാറാണ്"


ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ലളിതവും സമഗ്രവുമായ രീതിയിൽ അവതരിപ്പിക്കുകയാണ് ഡോക്ടർ രതീഷ് കാളിയാടൻ കുട്ടിക്കൂട്ടം ഉഷാറാണ് എന്ന ഈ ഉത്തമ ഗ്രന്ഥത്തിൽ .ലഹരി നമുക്ക് വേണ്ട എന്ന ഒരേയൊരു ലക്ഷ്യത്തിലൂടെയാണ് രതീഷ് കളിയാടൻ സഞ്ചരിച്ചത്
കുട്ടികൾക്ക് ലഹരി ഉപയോഗം കൂടി വരുന്നതായുള്ള റിപ്പോർട്ടുകൾ നമ്മെ ഭയപ്പെടുത്തുന്നു കേവലം ഒരു കൗതുകത്തിനായി തുടങ്ങുന്ന ഈ ദുശ്ശീലം ജീവിതം എന്ന നീണ്ട യാത്രയെ കുഴിയിലേക്ക് തള്ളി വിടുകയാണ് പതിമൂന്ന് ഭാഗമായാണ് ഈ പുസ്തകത്തിലെ തരംതിരിച്ചത്

ഈ പുസ്തകത്തിലെ പന്ത്രണ്ടാം ഭാഗത്തിൽ ലഹരിയെ കുറിച്ച് നിയമപരമായ വിശദവിവരങ്ങളും ഉണ്ട്. നമ്മെ ആകർഷിക്കുന്ന തരത്തിലുള്ള മിഠായികളിലും പേനകളിലും എന്തിന് പുറത്തുനിന്ന് കഴിക്കുന്ന ഭക്ഷണങ്ങളിലും പാനീയങ്ങളിലും വരെ ലഹരി ചേർക്കുന്നുണ്ട് എന്നത് എന്റെ കൂട്ടുകാർ മനസ്സിലാക്കണം. ഈ പുസ്തകത്തിൻറെ ഒന്നാം ഭാഗത്തിൽ ഇന്ന് ഈ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നതും നടന്നുകഴിഞ്ഞതും ഇനി നടക്കാൻ പോകുന്നതുമായ യാഥാർത്ഥ്യത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

ദിവസേന പത്രം വായിക്കുന്ന ശീലമുണ്ടെങ്കിൽ നിങ്ങൾക്കും ഇത് തിരിച്ചറിയാൻ എളുപ്പമായിരിക്കും .ലഹരിയുടെ ഉപയോഗം നമ്മെ എത്തിക്കുന്ന ചതിക്കുഴികളെ കുറിച്ചുള്ള വിവരങ്ങൾ എല്ലാ ദിവസങ്ങളിലും പത്രത്തിൽ കാണാം ഇതൊക്കെ പതിവായതിനാൽ നമുക്കാർക്കും ഇതിൽ അത്ഭുതം ഒന്നും കാണാനില്ല .എന്നാൽ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരുടെ മാതാപിതാക്കൾ അവരുടെ മാറ്റത്തിൽ അത്ഭുതപ്പെട്ടുപോകും.

മരണങ്ങൾ വർധിക്കാനും ജീവനുകൾ തകരുന്നതിനും കാരണം ലഹരി തന്നെ .'കുട്ടിക്കൂട്ടം ഉഷാറാണ് 'എന്ന ഈ പുസ്തകം നാം എല്ലാവരും തീർച്ചയായും വായിക്കണം .നമ്മുടെ കൂട്ടുകാരെയെല്ലാം ഒരുമയോടെ ചേർത്തുപിടിച്ച് ലഹരിയോട് നോ പറയൂ ഈ പുസ്തകം പുതുതലമുറയ്ക്ക് ഏറെ ഫലപ്രദമാകട്ടെ .

സൻഹ സൽമ
ആറാം ക്ലാസ്



# നൂല് പോലെ ഒരു അരുവി

ഒരു അരുവി
അനന്തമായ ഒഴുകുന്ന തെളി-
നീരുമായി ഒഴുകുന്ന അരുവി
പട്ടത്തിന്റെ നൂല് പോലെ നീണ്ടു-
പോകുന്ന ഒരു കുഞ്ഞരുവി
ആരും നോക്കാതെ ആരെയും നോക്കാതെ
തനിച്ചായി ഒഴുകുന്ന നൂല് പോലുള്ള അരുവി



ഹർഷിത്ത്
എട്ടാം ക്ലാസ്

# യാത്ര ...മനോഹരം ...

എന്റെ ഭംഗിയായ യാത്ര വയനാട്ടിലേക്കാണ്. ഞാനും എന്റെ അച്ഛനും അമ്മയും ആയിരുന്നു പോയത് വളരെ രസകരമായ യാത്രയായിരുന്നു എന്റേത്.വയനാട്ടിൽ പോകുന്ന വഴിക്ക് ഒരുപാട് നല്ല ഭംഗിയുള്ള മലകളുമൊക്കെ കണ്ടു അതിൽ ഒരു സ്ഥലത്ത് ഒരു മലയുടെ മുകളിൽ നിൽക്കുമ്പോൾ അത് പറയാൻ കഴിയാത്ത ഒരു രസകരമായ കാഴ്ചയായിരുന്നു ഞങ്ങൾ അവിടെനിന്ന് ഒരുപാട് ഫോട്ടോകൾ ഒക്കെ എടുത്തു.. അവിടെനിന്ന് ഞങ്ങൾ രാവിലത്തെ ഭക്ഷണവും കഴിച്ചു അവിടെ നിന്നും മാറി ച്ചുരം കയറി ഞങ്ങൾ മാനന്തവാടി ടൗണിലേക്ക് എത്തി അവിടെ നിന്ന് ഞങ്ങൾ ആദ്യം പോയത് മീൻമുട്ടി വെള്ളച്ചാട്ടത്തിലാണ് അവിടെ നിന്ന് ടിക്കറ്റ് എടുത്തു എന്നിട്ട് വെള്ളച്ചാട്ടത്തിന്റെ അടുത്തെത്തി. ആ സമയത്ത് അധികം മഴയൊന്നും ഇല്ലാത്തതുകൊണ്ട് വെള്ളം കുറവായിരുന്നു ഞാൻ ആ വെള്ളത്തിൽ ഇറങ്ങി നല്ല തണുപ്പുള്ള വെള്ളമായിരുന്നു കുറച്ച് സമയം ആ വെള്ളത്തിലുള്ള ഒരു വലിയ പാറയിൽ കയറിയിരുന്നു പിന്നെ ഞങ്ങൾ അവിടെ നിന്ന് പോയി.

`

പിന്നെ പോയത് ബാണാസുര ഡാമിലആണ്.അവിടെ ബോട്ടിംഗ് ഒക്കെ ഉണ്ടായിരുന്നു.അവിടെ നല്ല രസമായിരുന്നു. അവിടെ ഒരുപാട് ആൾക്കാർ ഉണ്ടായിരുന്നു. അതുകൊണ്ട് എനിക്ക് ഫോട്ടോ എടുക്കാൻ കഴിഞ്ഞിരുന്നില്ല. അവിടെയും കുറച്ച് സമയം ഇരുന്നു. പിന്നെ പോയത് പൂക്കോട് ലേക്കിലേക്കാണ് അവിടെയും ബോട്ടിംഗ് ഉണ്ടായിരുന്നു. ബോട്ടിൽ കയറി കുറച്ചൊന്നു കറങ്ങി പിന്നെ ഒരുപാട് കുരങ്ങന്മാർ ഉണ്ടായിരുന്നു.അവിടെ നിന്ന് കുറച്ച് സാധനങ്ങളൊക്കെ വാങ്ങി ബോട്ടിൽ പോകുമ്പോൾ ഒരുപാട് മനോഹരമായ സ്ഥലങ്ങളൊക്കെ കണ്ടു. അവിടെ നിന്നും മടങ്ങി പിന്നെ പോയത് കുറുവാ ദ്വീപിലേക്കാണ് അവിടെനിന്ന് ടിക്കറ്റ് എടുത്ത് അകത്തു കയറി നല്ല തണലുള്ള സ്ഥലമായിരുന്നു ഞങ്ങൾക്ക് ടിക്കറ്റ് തീർന്നത് കൊണ്ട് ദ്വീപിൽ പോകാൻ കഴിഞ്ഞില്ല. പിന്നെ ഞങ്ങൾ ഭക്ഷണം കഴിച്ചു വീട്ടിലേക്ക് മടങ്ങി .

ദേവജ് കൃഷ്ണ
എട്ടാം ക്ലാസ്

# "ചോസർ കഥകൾ"

ഈ കഥകളൊക്കെ എഴുതിയത് ആങ്കല മഹാകവിയായ ജോഫ്രി ചോസറാണ്. ഒന്നാമത്തെ കഥ പുരോഹിതൻ പറഞ്ഞ ചാന്റി ക്ലിയർ കഥയാണ്. ഈ കഥയിലെ കഥാപാത്രങ്ങൾ ചാന്റി ക്ലിയർ എന്ന പൂവൻകോഴിയും പെർട്ട് ലോർട്ടും ബാക്കി ആറ് പിടക്കോഴികളും പിന്നെ ദരിദ്രരായ വിധവയും അവളുടെ രണ്ട് പെൺമക്കളും ആണ്.ചാന്റി ക്ലിയർ നല്ല സുന്ദരൻ ആയിരുന്നു. അവനെയും പിടകളെയും തിന്നാൻ ഒരു ഭീകരനും ചതിയനുമായ കുറുക്കൻ ആയിരുന്നു മാസ്റ്റർ റങ്കിണർഡ്. ഒരിക്കൽ റങ്കിണർഡ് ചാന്റിയെ കുരുക്കിൽപെടുത്താൻ എങ്കിലും അത് നടന്നില്ല. അഭിഭാഷകൻ പറഞ്ഞ കഥയാണ് കോൺസ്റ്റൻസിന്റെ ദുഃഖം. കോൺസ്റ്റൻസ്, സുൽത്താൻ, റോമാ ചക്രവർത്തി, പൗരാവലി, ചക്രവർത്തി ഹെർമൻ ഗിർഡ്, ഡോണി ഗിൾഡ്, സെനറ്റർ, മൗറീസ് ഇവരൊക്കെയാണ് പ്രധാന കഥാപാത്രങ്ങൾ. ഈ കഥയെക്കുറിച്ച് യുദ്ധങ്ങൾ നടന്നിരുന്നു. ഈ കഥ വായിച്ചപ്പോൾ ആകാംക്ഷഭരിതനായി. ബാത്തിലെ വീട്ടമ്മ പറഞ്ഞ കഥയാണ് "ദിവ്യ വധു".

ഈ കഥയിലെ ആശയം വളരെ വലുതാണ്. ആർത്തൽ രാജാവ്, രാജ്ഞി ദിവ്യ സ്ത്രീ, യോദ്ധാവ് ഇവരൊക്കെയാണ് ഈ കഥയിലെ കഥാപാത്രങ്ങൾ. ഈ കഥ വളരെ അർത്ഥമുള്ളത് ആയതുകൊണ്ട് തന്നെ എനിക്ക് ഈ കഥ വളരെയധികം ഇഷ്ടമായി. അഞ്ചാമത്തെതാണ് ഈ കഥ. "വൃക്ഷ ചുവട്ടിലെ നിധി" എന്ന കഥ പിന്നെ പ്രതിപുരുഷൻ പറഞ്ഞതാണ് ഈ കഥയിൽ കുറച്ച് അധികം ചിരിക്കാൻ ഉണ്ട്. ഈ കഥയിൽ പ്രധാനമായും മൂന്ന് ആളുകളാണ് ഉള്ളത്. മൂന്നും മണ്ടന്മാരാണ്. അവർ കാലനെ തേടിപ്പോയി. ആദ്യമായി എന്നും നടന്നില്ലെങ്കിലും അവസാനം നടന്നു. എനിക്ക് കഥ വളരെയധികം ഇഷ്ടമായി.ഗ്രിസൽവാ എന്ന കഥ പണ്ഡിതൻ  പറഞ്ഞതാണ്. ഇത് ആറാമത്തെ കഥയാണ്. ഇതിലെ രാജാവായ വാൾട്ടർ പ്രജകളുടെ ഏത് ആവശ്യവും നടത്തി കൊടുക്കും.ഒരിക്കൽ പ്രജകൾ പറഞ്ഞതുപോലെ ഒരു വിവാഹം കഴിച്ചു. അതിസുന്ദരിയായ ഗ്രിസെൽസ എന്നാണ് അവളുടെ പേര്. അവൾ പാവപ്പെട്ടവൾ ആണ്. വാൾട്ടർ  ഗ്രിസൽഡയെ വളരെ ഇഷ്ടപ്പെടുത്തു കയായിരുന്നു പക്ഷേ അവളുടെ മനസ്സിൽ ഇരിപ്പിന്റെ കാര്യത്തിനായിരുന്നു അങ്ങനെ ചെയ്തിരുന്നത്.

"ഡോറിജന്റെ വാഗ്ദാനം ഭൂവുടമ പറഞ്ഞ കഥയാണ്.ഇതിൽ അയിന്ദ്ര ജാലികൻ ഉണ്ട്. അയാൾ വളരെ നിഷ്കളങ്കനും മാന്ത്രികനും ആണ്. ഡോറിജൻ ഒരിക്കൽ എന്താണ് ചെയ്യേണ്ടത് എന്ന് അറിയാത്ത ഒരു നിമിഷം വന്നിരുന്നു. എനിക്ക് കഥ വളരെയധികം ഇഷ്ടമായി. യോദ്ധാവ് പറഞ്ഞ കഥയാണ് എമിലിയ.തെസ്യൂസ്സ് എന്ന രാജാവിൻറെ കഥയാണ്. അയാൾ ഹിപോലിറ്റ എന്ന രാജ്ഞിയെ വിവാഹം കഴിച്ചു. ഒരു ശക്തമായ പോരാട്ടത്തിൽ ക്രിഗോണും പടയാളികളും മരിച്ചു. എമിലിയ എന്ന പെൺകുട്ടി അതീവ സുന്ദരിയായിരുന്നു. എമിലിയ പാലമോണിനെ വിവാഹം കഴിച്ചു. കഥാ പുസ്തകത്തിൽ എനിക്ക് ഇഷ്ടപ്പെട്ട കഥകൾ ചാന്റി ക്ലിയർ, കോൺസ്റ്റൻസിന്റെ ദുഃഖം,ദിവ്യ വധു, ഗ്രിസൽഡ വളരെ ഇഷ്ടമായി. ഞാൻ വായിച്ചതിൽ ഏറ്റവും നല്ല പുസ്തകം ജോഫ്രി ചോ സർ എഴുതിയ പുസ്തകമായ ചോസർ കഥയാണ്. ഇതിൻറെ പുനരാഖ്യാനം എൻ എം നൂലേലിയാണ്.

വൈശാഖീ.ടി
നാലാം ക്ലാസ്

# ആനന്ദം

മഞ്ഞുമൂടിയ പ്രദേശം. ഞങ്ങളെല്ലാവരും കോട്ടയം ജില്ലയിൽ പോകുവാൻ തയ്യാറായിരിക്കുകയാണ് രാത്രിയായിരുന്നു യാത്ര. "ഭീഷ്മ" എന്ന പേരുള്ള അടിപൊളി ബസിലായിരുന്നു കോട്ടയത്തേക്കുള്ള യാത്ര ആരംഭിച്ചപ്പോൾ തന്നെ എല്ലാവർക്കും വലിയ ഉത്സാഹം ആയിരുന്നു ഞാൻ ആദ്യമായിട്ടാണ് കോട്ടയത്ത് പോകുന്നത് ആ ഒരു യാത്ര എനിക്ക് മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ് തന്നത്.

രാത്രി ആയതുകൊണ്ട് തന്നെ കെട്ടിടങ്ങളെയും കടകളിലെയും വെളിച്ചം കാണാൻ അതി മനോഹരമായിരുന്നു ഞാൻ അത് വളരെ അധികം ആസ്വദിച്ച ഞങ്ങൾ കോഴിക്കോട് എത്തി അവിടെയുള്ള കടയിൽ നിന്ന് പൊറോട്ടയും ചിക്കൻ കറിയുമാണ് ഞാൻ കഴിച്ചത്. ബസ്സിൽ നല്ല പാട്ട് വെച്ചപ്പോൾ എല്ലാവരും ഡാൻസ് കളിക്കാൻ തുടങ്ങി കൂടെ ഞാനും. അങ്ങനെ 2:00 മണിവരെ ഡാൻസ് കളിച്ച ഞങ്ങളെല്ലാവരും വളരെയധികം ക്ഷീണിച്ചിരുന്നു ഞങ്ങൾ ഉറങ്ങാൻ കിടന്നു മഞ്ഞുകൊണ്ട് മൂടിയിരുന്നു അവിടത്തെ സ്ഥലങ്ങൾ ആ കാഴ്ച കണ്ടപ്പോൾ കണ്ണ് കുളിരുന്നു. അതിരാവിലെയുള്ള സൂര്യന്റെ പ്രകാശം എന്റെ മുഖത്തും തട്ടിയപ്പോൾ അത് കാണാൻ അധികം മനോഹരമായിരുന്നു.

അങ്ങനെ ഞങ്ങൾ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി എന്ന സ്ഥലത്തെത്തി. അവിടുത്തെ ഒരു റിസോർട്ടിൽ നിന്ന് ഞങ്ങൾ കുളിച്ചു. ഹോട്ടലിലേക്ക് പുറപ്പെട്ടു. ഹോട്ടലിലെ ഒരു മസാലദോശയാണ് ഞാൻ കഴിച്ചത് എനിക്ക് അത് ഇഷ്ടമായില്ല.

അവിടുന്ന് നേരെ പോയത് വെള്ളച്ചാട്ടം കാണാനാണ് അത് മുകളിൽ നിന്നു വരുന്ന വെള്ളംകാണാനാണ് എനിക്ക് വളരെയധികം രസം തോന്നിയത്. ഞങ്ങളൊരു വലിയ വാട്ടർ പാർക്കിലേക്കാണ് പോയത് അപ്പോഴേക്കും ഉച്ചയായിരുന്നു. ഹോട്ടലിൽ കയറി ചോറും കറി കളുമാണ് ഞാൻ കഴിച്ചത്. അങ്ങനെ വൈകുന്നേരം ഞങ്ങൾ കോട്ടയത്തുനിന്നു കണ്ണൂരിലേക്ക് യാത്രതിരിച്ചപ്പോൾ എനിക്ക് വളരെയധികം സങ്കടമായിരുന്നു ഞാൻ ആസ്വദിച്ച കാഴ്ചകൾ കണ്ടതു മതിയായിരുന്നില്ല .

**അവന്തിക തരേഷ്**

# പൂമ്പാറ്റ

പൂന്തോട്ടത്തിൽ വരുന്നുണ്ട് തേൻ കുടിക്കാൻ
പൂമ്പാറ്റ എന്തുരസമാണ്,
വർണ്ണ നിറമുള്ള പൂമ്പാറ്റ
പൂവിലിരിക്കുന്ന പൂമ്പാറ്റ
എനിക്കിഷ്ടപ്പെട്ട പൂമ്പാറ്റ
നല്ല രസമുള്ള പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
എന്റെ സ്വന്തം പൂമ്പാറ്റ
സ്നേഹമുള്ളൊരു പൂമ്പാറ്റ
ഒരു കൊച്ചു നല്ല പൂമ്പാറ്റ
ഞാൻ വിളിച്ചാൽ പറന്നെത്തും പൂമ്പാറ്റ
എന്റെ സ്വന്തം പൂമ്പാറ്റ

ഹലീമ. പി. കെ
നാലാം ക്ലാസ്

# സൂര്യൻ എൻറെ നക്ഷത്രം"

വി ആർ പട്ടവം രചിച്ച "സൂര്യൻ എൻറെ നക്ഷത്രം" എന്ന പുസ്തകം ഞാൻ വായിക്കാൻ ഇടയായി. ഞാൻ വായിച്ച ഇഷ്ടപ്പെട്ട ഈ പുസ്തകത്തിൽ മൂന്ന് കഥാപാത്രങ്ങൾ ആണുള്ളത്. അമ്മയായ വിനീത, അച്ഛൻ വിശ്വനാഥൻ, മകൾ വിസ്മയ. മകൾ ഞാനായിട്ടാണ് ഞാൻ കാണുന്നത്. കാരണം ഇതിൽ വിസ്മയ മോളെ പോലെ ഒട്ടനവധി സംശയങ്ങൾ ആകാശ ലോകത്തെക്കുറിച്ച് എനിക്കും ഉണ്ടായിരുന്നു. അതുകൊണ്ട് ഈ കഥ ഞാനും എൻറെ അച്ഛനും അമ്മയും ആയിട്ടാണ് ഞാൻ സങ്കൽപ്പിച്ചത്.

ഈ പുസ്തകം വായിച്ചപ്പോൾ കുറെ ആകാശ വിസ്മയങ്ങളെ കുറിച്ച് എനിക്ക് അറിയാൻ സാധിച്ചു. അവധി ദിവസമായതിനാൽ വിസ്മയ കുട്ടിക്ക് കടല് കാണാൻ അതിയായ ആഗ്രഹം തോന്നി. അതുകൊണ്ട് വളരെ സന്തോഷത്തോടെ അവൾ അച്ഛൻറെയും അമ്മയുടെയും കൂടെ ബീച്ചിലേക്ക് പോയി. ഇനിയാണ് ഈ കഥ ആരംഭിക്കുന്നത്.

അപ്പോൾ മക്കൾ അച്ഛനോട് ആദ്യത്തെ കാര്യം ചോദിച്ചു: " അച്ഛാ നമുക്കി കടലിന്റെ നടുവിലൂടെ നടന്നു പോയി സൂര്യനെ തൊട്ടാലോ". അപ്പോൾ അച്ഛൻ പറഞ്ഞത് എന്താണെന്ന് അറിയാമോ "മോളെ നിനക്കറിയില്ലേ 15 കോടി കിലോമീറ്റർ ദൂരമുണ്ട് ഭൂമിയിൽനിന്ന് സൂര്യനിലേക്ക് "അച്ഛൻ സ്നേഹത്തോടെ മകളോട് പറഞ്ഞു. അച്ഛൻ അങ്ങനെ ഓരോരോ കാര്യങ്ങൾ മകളോട് പറഞ്ഞു കൊടുത്തു. അച്ഛൻ പറഞ്ഞു " മോളെ നിനക്ക് സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യൻ ആണെന്ന് കണ്ടുപിടിച്ചത് ആരാണെന്ന് അറിയാമോ?" വിസ്മയ പറഞ്ഞു എനിക്കറിയില്ല എനിക്കറിയില്ല. അപ്പോൾ അച്ഛൻ പറഞ്ഞു കൊടുത്തു കോപ്പർ നിക്കസ് എന്ന വ്യക്തിയാണെന്ന്. വളരെ ചെറിയ പുസ്തകം ആണെങ്കിലും കുറെയധികം കാര്യങ്ങൾ ഈ കഥയിൽ നിന്നും പഠിക്കാൻ സാധിക്കും.

ടാലിയ
നാലാം ക്ലാസ്

# ഓർമ്മക്കായി...

മഞ്ഞു പെയ്യുന്ന ഡിസംബർ മാസത്തിലെ ആദ്യദിവസം തന്നെ ഒരു കോടമഞ്ഞു മൂടിയ കർണ്ണാടകയിലേക്കായിരുന്നു എന്റെ യാത്ര. അന്നത്തെ യാത്രയെക്കുറിച്ചു ചിന്തിച്ച് ഉറക്കം വന്നില്ലായിരുന്നു. തലേദിവസം പുലർച്ചെ എഴുന്നേറ്റ് ഒരുപാട് ആകാംഷയും കൊണ്ട് ഞാൻ ചന്ദന മരങ്ങളുടെ നാട്ടിലേക്കു യാത്ര തുടങ്ങി. ചുരം കയറുമ്പോൾ മുതൽ വണ്ടിയുടെ ജനാലകളിലൂടെ തണുത്ത കാറ്റ് ആ ഞ്ഞാടിക്കാൻ തുടങ്ങി. ഉയരങ്ങളിലേക്ക് കയറും തോറും എന്റെ ചെവി പതിയെ അടയാൻ തുടങ്ങിയിരുന്നു. പിന്നെ പിന്നെ മുൻപിൽ റോഡും കാണാതായി. നിറയെ കോട മഞ്ഞു മൂടിയിരിക്കുന്നു.

ഞങ്ങൾ ആദ്യം പോയത് കുടുംബ വീട്ടിലേക്കായിരുന്നു. ഒരു ചെറിയ വീട് അതിനു ചുറ്റും നീണ്ടു കിടക്കുന്ന തോട്ടം നിറയെ പലതരത്തിലുള്ള പഴങ്ങൾ ചെടികൾ മരങ്ങൾ അതിനുമപ്പുറം വലിയ കാപ്പി തോട്ടം എല്ലാത്തിനും നടുവിലായി ഒരു ചെറിയ വ്യൂ പോയിന്റ് അവിടെ ഒരു ഇരിപ്പിടവും ചുറ്റും പച്ചപ്പുനിറഞ്ഞു നിൽക്കുന്ന അതിനുമുകളിൽ ആയി നിറയെ കോടമഞ്ഞ് അവിടെ ഇരിക്കുമ്പോൾ കാണുന്ന കാഴ്ചകൾ കഴിയാത്തതാണ് കഴിയാത്തതാണ് ഇതുവരെ കണ്ടതിൽ വെച്ച് എന്റെ മനസ്സിനെ ഏറ്റവും അധികം ആകർഷിച്ച കാഴ്ചയായിരുന്നു .

പിന്നെ അവിടുന്ന് ഗോണിക്കുപ്പയിലേക്ക് പോകും വഴി ജമന്തി തോട്ടം ദൂരെ നിന്ന് നോക്കുമ്പോൾ ഓറഞ്ച് നിറത്തിൽഎന്തോ വിരിച്ചതുപോലെ തോന്നുന്ന ജമന്തികൾ. അവിടുന്ന് നേരെ ഞാൻ ഏറ്റവും അധികം കാത്തിരുന്ന സ്ഥലം ഏഷ്യയിലെ രണ്ടാമത്തെ ഏറ്റവും ഉയർന്ന വെള്ളച്ചാട്ടമായ ജോഗ് വെള്ളച്ചാട്ടത്തിലേക്ക്, പാൽ ഒഴുകുന്നതു പോലെ കുത്തി ഒഴുകുന്ന വെള്ളച്ചാട്ടം വളരെ ചെറിയ ഒരു യാത്രയായിരുന്നു അന്ന് വേഗം തന്നെ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു. കണ്ട എല്ലാ കാഴ്ചകളും ഞാൻ ഫോണിലേക്ക് പകർത്തിയിരുന്നു എക്കാലത്തിയും ഓർമ്മക്കായി......

പാർവണ രൂപേഷ്.

എട്ടാം ക്ലാസ്

# പൂന്തോട്ടം

നിറയെ പൂക്കളുള്ള പൂന്തോട്ടം
നല്ലൊരു പൂന്തോട്ടം
പൂന്തോട്ടത്തിൽ പൂക്കൾ
പൂന്തോട്ടത്തിൽ പൂമ്പാറ്റകൾ
ഒരു പൂന്തോട്ടം
പൂന്തോട്ടത്തിൽ പാറിപറക്കുന്ന പൂമ്പാറ്റകൾ
പൂക്കൾ നിറഞ്ഞു നിൽക്കുന്ന പൂന്തോട്ടം
നിറങ്ങൾ മൂടി നിൽക്കുന്ന പൂന്തോട്ടം
പച്ച പുല്ലുകൾ ആടി കളിക്കുന്ന പൂന്തോട്ടം

അംന ഫാത്തിമ
നാല്. ബി

# നല്ല കൂട്ടുകാരി

ചിന്നുവിന് കുറെ നാളായി വലിയ സങ്കടമാണ്. കാരണം, സ്കൂളിലെഅവളുടെ പ്രിയപ്പെട്ട കൂട്ടുകാരി മഞ്ജു വേറെ സ്കൂളിലേക്ക്പോയി. ദൂരെയുള്ള പുതിയ വീട്ടിലേക്ക് താമസം മാറിയതാണ് കാരണം. മഞ്ജുവിനും അവളെ പിരിയാൻ വലിയ സങ്കടം ആയിരുന്നു. എന്നാൽ മഞ്ജുവിന് പോകാതിരിക്കാൻ പറ്റില്ലല്ലോ.മാസങ്ങൾ കഴിഞ്ഞിട്ടും സ്കൂളിൽ അവൾക്ക് പുതിയ കൂട്ടുകാരിയെ കണ്ടെത്താൻ പറ്റിയില്ല. അവളെ സന്തോഷിപ്പിക്കാൻ ആയി അച്ഛനും അമ്മയും മൂന്നാറിലേക്ക് ഒരു വിനോദയാത്ര പോയി.അവിടെവച്ച് അവൾ കൂട്ടുകാരിമഞ്ജുവിനെ കണ്ടുമുട്ടി. അവർക്ക് രണ്ടുപേർക്കും വലിയ സന്തോഷമായി. രണ്ടുദിവസം അവർ അവിടെ സന്തോഷമായി താമസിച്ചു. പിരിയാൻ നേരം രണ്ടുപേർക്കും വലിയ വിഷമമായിരുന്നു. വീട്ടിലെത്തി ചിന്നുവിനോട് അമ്മ പറഞ്ഞു. "മോളെ, ഇങ്ങനെ സങ്കടപ്പെട്ടിട്ട് കാര്യമില്ല. സ്കൂളിൽ ധാരാളം കൂട്ടുകാരികൾ ഉണ്ടല്ലോ. എല്ലാ കുട്ടികളും നല്ലവരാണ്. മഞ്ജുവിനെപ്പോലെ ഒരു കൂട്ടുകാരിയെ നീ കണ്ടെത്തു. നിന്റെ ഈ സങ്കടം എല്ലാം മാറും ".

അമ്മ പറഞ്ഞത് ശരിയാണെന്ന് അവൾക്ക് തോന്നി. അവളുടെ സങ്കടം എല്ലാം കുറഞ്ഞുവന്നു. എല്ലാവരെയും അവൾ ഇഷ്ടപ്പെട്ടു തുടങ്ങി. സ്കൂളിൽ അവൾക്ക് മഞ്ജുവിനെ പോലെ തന്നെയുള്ള ഒരു കൂട്ടുകാരിയെ കിട്ടി. പൊന്നു എന്നായിരുന്നു അവളുടെ പേര്. അങ്ങനെ അവർ നല്ല ചങ്ങാതിമാരായി.

**വൈശാഖി. ടി**
**നാലാം ക്ലാസ്**

# നിറങ്ങളുടെ രാജകുമാരൻ

വിടരും മുമ്പേ കൊ ഴിഞ്ഞുപോയ ക്ലിന്റ് എന്ന കുരുന്നു പ്രതിഭയുടെ ജീവചരിത്രമാണ് ക്ലിന്റ്-നിറങ്ങളുടെ രാജകുമാരൻ എന്ന കൃതിയിലൂടെ അവതരിപ്പിക്കുന്നത്. ഇതിൽ ക്ലിന്റ് വരച്ച മനോഹരമായ ചിത്രങ്ങളും കാണാം. മലയാളം എഴുത്തുകാരനും നോവലിസ്റ്റും ആയ സെബാസ്റ്റ്യൻ പള്ളിത്തോടിന്റെ പുസ്തകമാണ് 'നിറങ്ങളുടെ രാജകുമാരൻ'. ആരെയും ആകർഷിക്കുന്ന രീതിയിൽ ലളിതമായ ഭാഷയിലാണ് പള്ളിത്തോട് ഈ പുസ്തകം രചിച്ചിരിക്കുന്നത്.

1976 മെയ് 19ന് എംടി ജോസഫിന്റെയും ചിന്നമ്മ ജോസഫിന്റെയും ഏക മകനായി ക്ലിന്റ് ജനിച്ചു. അച്ഛന്റെ ഇഷ്ടപ്രകാരം മുതിർന്ന ഹോളിവുഡ് നടനും സംവിധായകനുമായ ക്ലിന്റ് ഈസ്റ്റ്‌വുഡിന്റെ പേരിൽ നിന്നാണ് തന്റെ മകന് ക്ലിന്റ് എന്ന പേര് ഇട്ടത്. ഏഴു വർഷത്തിൽ താഴെയുള്ള തന്റെ ജീവിതത്തിൽ 25000 അധികം ചിത്രങ്ങൾ വരച്ചതിന് പേരുകേട്ട ഒരു ഇന്ത്യൻ ബാലപ്രതിമയാണ് ഹെഡ്മണ്ട് തോമസ് ക്ലിന്റ് പിച്ചവച്ച് തുടങ്ങും മുമ്പേ കയ്യിൽ കിട്ടിയതെന്തും അവന് പെയിന്റിംഗ് ബ്രഷ് കൾ ആയി. നിലാവും ചുമരുകളും അവനു ക്യാൻവാസ് ആയി മാറി. ആറുമാസം പ്രായമായത് മുതൽ ക്ലിന്റ് തറയിലും ചുമരിലും വരയ്ക്കാൻ തുടങ്ങി.തറയിൽ കിടന്ന ചെറിയ കല്ലുകൊണ്ട് വൃത്തം വരച്ച ക്ലിന്റ് തന്റെ കഴിവുകൾ പുറത്തു കാണിച്ചു. ഒരു അളവ് പോലും ഇല്ലാതെ കൃത്യമായി വൃത്തം വരച്ച് അന്ന് എല്ലാവരെയും ക്ലിന്റ് അമ്പരപ്പിച്ചു. ഇതു മനസ്സിലാക്കി അവന്റെ അച്ഛനും അമ്മയും അവന് ചോക്ക് വാങ്ങി കൊടുത്തു. പിന്നീട് ചിത്രങ്ങൾ ഓരോന്നായി വരച്ചു. മുന്നിൽ കാണുന്നതും കഥകളിൽ കേൾക്കുന്നതും സ്വപ്നങ്ങളിൽ കാണുന്നതും ക്ലിന്റ് ചിത്രമാക്കി മാറ്റി. എന്നാൽ ക്ലിന്റ് ഒരു ചിത്രം പോലും നോക്കി വരച്ചിരുന്നില്ല എല്ലാം തന്റെ സ്വന്തം ഭാവനയിൽ നിന്നാണ് ക്ലിന്റ് വരച്ചിരുന്നത്. കാറും ബൈക്കും വിമാനവും പുരാണ കഥാപാത്രങ്ങളും പൂരവും തെയ്യവും ചിത്രങ്ങളായി മാറി. ഹിന്ദു പുരാണവും ബൈബിളും ഈസോപ്പ് കഥകളും ആയിരുന്നു ക്ലിന്റിന് പ്രിയപ്പെട്ടവർ. കഥകളാണ് ക്ലിന്റിനെ വരയുടെ ലോകത്ത് വിരാജിക്കാൻ സഹായിച്ചത്. അച്ഛനും അമ്മയും കഥകളുമായി ക്ലിന്റിന്റെ ഭാവനാലോകത്തെ സമ അവന്റെ ഓരോ സംശയത്തിനും അവർ ഉത്തരം കണ്ടെത്തി. ഹനുമാന്റെ വിശ്വരൂപവും ബ്രഹ്മാവും രാവണനും എല്ലാം ക്ലിൻഡിന്റെ ഭാവനയിൽ വിരിഞ്ഞ ചിത്രങ്ങളാണ്. 'ആൾക്കൂട്ടത്തിൽ നിന്നുകൊണ്ട് എങ്ങനെയാണ് ദൈവത്തോട് സംസാരിക്കുക' ഏഴു വയസ്സുകാരൻ ക്ലിന്റി ന്റെ സംശയങ്ങളിൽ ഒന്നു മാത്രമായിരുന്നു ഇത്. ചുറ്റും കാണുന്ന എന്തിനെയും സസൂക്ഷ്മ നിരീക്ഷിക്കാനും അതിനെക്കുറിച്ച് സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കി അവയെ ചിത്രങ്ങളായി മാറ്റാനും അസാമാന്യ കഴിവ് പ്രകടിപ്പിച്ച ഒരു കുട്ടിയായിരുന്നു ക്ലിന്റ്. ഒരിക്കൽ ജോസഫിന്റെ കോഴിക്കോട്ടുള്ള സുഹൃത്തിന്റെ വീട്ടിൽ ഒരു പരിപാടിക്ക് പോയ സമയം കോഴിക്കോട്ടിൽ നിന്ന് കൊയിലാണ്ടിയിലോട്ട് ബസ്സിൽ യാത്ര ചെയ്യുന്ന സമയം വഴിയിൽ ബസ് കുറച്ചുനേരം പിടിച്ചിട്ടു. മുച്ചിലോട്ട് ഭഗവതിയുടെ തെയ്യം നടക്കുന്നതിന് തിരക്കായിരുന്നു അന്ന്. പിന്നീട് രണ്ടുമാസത്തിനുശേഷം മുച്ചിലോട്ട് ഭഗവതിയുടെ തെയ്യത്തിലെ മനോഹര ചിത്രം ക്ലിന്റ് വരച്ചു. നിറങ്ങളുടെ സമന്വയതയും പൂർണ്ണതയും ആറു വയസ്സുകാരനിൽ നിന്നു പ്രതീക്ഷിക്കുന്നതിലും വലുതായിരുന്നു.

ക്ലിന്റിമരണശേഷം കന്നൽ കുന്നിൽ ക്ലിന്റ് ചിത്രങ്ങളുടെ ഒരു പ്രദർശനം നടത്തി.ക്ലിന്റിന്റെ

മുച്ചിലോട്ട് ഭഗവതി തെയ്യം കാണാനിടയായ ഒരു തെയ്യം കലാകാരൻ ഈ ചിത്രം വരച്ചയാളെ കാണാൻ സാധിക്കുമോ എന്ന് ചോദ്യം ജോസഫിനോട് ചോദിച്ചു. ഇല്ല എന്ന് അറിയിച്ചപ്പോൾ ചിത്രം വരച്ചിയാൽ ജീവിച്ചിരിപ്പുണ്ടോ എന്നായിരുന്നു ചോദ്യം. അങ്ങനെ ചോദിക്കാനുള്ള കാരണവും അയാൾ തന്നെ പറഞ്ഞു. മുച്ചിലോട്ട് ഭഗവതിയുടെ തെയ്യം കെട്ടുമ്പോൾ എന്തെങ്കിലും ഒരു കാര്യം അപൂർണ്ണമാക്കിയേ ചെയ്യൂ. കാരണം ഭഗവതിയുടെ തെയ്യം കെട്ടുമ്പോൾ  പൂർണ്ണതയോടെ കെട്ടിയാൽ അത് ചെയ്യുന്ന ആൾ മരണം സംഭവിക്കും എന്നും അയാൾ പറഞ്ഞു.ക്ലിന്റ് വരച്ച ചിത്രം പൂർണ്ണമായിരുന്നുവെന്നും അതുകൊണ്ടാണ് വരച്ചയാൾ ജീവിച്ചിരിപ്പുണ്ടോ

എന്ന് ചോദിച്ചതെന്നും അയാൾ പറഞ്ഞു. ഏതാനും നിമിഷങ്ങൾക്കു മാത്രം മുന്നിൽ വന്ന ഒരു ദൃശ്യത്തെ പൂർണ്ണതയോടെ ക്ലന്റിന് വരയ്ക്കാൻ സഹായിച്ച ശക്തി എന്താണെന്ന് കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

എന്തുതന്നെയായാലും ക്ലിന്റ് എന്ന കുട്ടിയുടെ ജീവിതത്തെക്കുറിച്ചും അവന്റെ വരകളെക്കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു പുസ്തകം എന്ന നിലയിൽ നിറങ്ങളുടെ രാജകുമാരൻ ശ്രദ്ധേയമായ ഒരു കൃതി തന്നെയാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

സുകൃതി ഇ പി
ഒമ്പതാം ക്ലാസ്

# അമ്മയും മക്കളും

ഒരു കൊച്ചു വീട്ടിൽ അപ്പുവും മീനാക്ഷിയും അമ്മയും വളരെ സന്തോഷത്തോടെ കഴിഞ്ഞു വരുന്നു. കഷ്ടപ്പാടുകൾ ഒന്നും അറിയിക്കാതെയാണ് അമ്മ മക്കളെ വളർത്തുന്നത്. കുറേ ദിവസമായി മീനാക്ഷിക്ക് ഒരു സംശയം. അച്ഛനെ കാണുന്നില്ലല്ലോ? എല്ലാ കുട്ടികൾക്കും അച്ഛൻ ഉണ്ടല്ലോ? അവൾ അമ്മയോട് ചോദിക്കാൻ തീരുമാനിച്ചു.

ഒരു ദിവസം മീനാക്ഷി അമ്മയോട് അച്ഛൻ എന്താ വരാത്തത് എന്ന് ചോദിച്ചു. അപ്രതീക്ഷിതമായ ഈ ചോദ്യം കേട്ട് അമ്മ പൊട്ടിക്കരഞ്ഞു. മീനാക്ഷിക്കും അപ്പുവിനും ഇത് കണ്ട് വിഷമമായി. കുട്ടികളും കരയാൻ തുടങ്ങി. അച്ഛൻ ജീവിച്ചിരിപ്പില്ല എന്ന സത്യം അമ്മ മക്കളോട് പറഞ്ഞു.

അത് കേട്ട് കുട്ടികൾക്ക് വിഷമം വന്നെങ്കിലും അമ്മയെ കൂടുതൽ വിഷമിപ്പിക്കാതിരിക്കാൻ അവർ തീരുമാനിച്ചു. നന്നായി പഠിക്കുവാനും അനുസരണയുള്ള കുട്ടികളായി അനുസരണയുള്ള കുട്ടികളായി വളരുവാനും വളരുവാനും അവർ ശീലിച്ചു. അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു.

നദ ഫാത്തിമ.
നാലാം ക്ലാസ്

# ജിമ്പോയും ശങ്കരനും

ഒരു ചെറിയ ഗ്രാമത്തിലാണ് ജിമ്പൊ താമസിച്ചിരുന്നത്. തൊട്ടടുത്ത ഗ്രാമത്തിലെ ശങ്കരൻ അവന്റെ വലിയ ചങ്ങാതിയായിരുന്നു. ശങ്കരൻ ഭയങ്കര അത്യാഗ്രഹിയും ദുഷ്ടനും ആയിരുന്നു. എന്നാൽ ജിമ്പോ ഒരു മര്യാദക്കാരനും നല്ലവനുമായിരുന്നു.

ഒരു ദിവസം ശങ്കരന് വയറുവേദന വന്നു. എത്ര മരുന്ന് കഴിച്ചിട്ടും മാറിയില്ല. അവസാനം ഒരു സന്യാസി അവനെ സഹായിക്കാം എന്ന് പറഞ്ഞു. വയറുവേദന മാറണമെങ്കിൽ സന്യാസിക്ക് ഒരു നിധി കണ്ടെത്തി കൊടുക്കണം. നിധി കിട്ടിയാൽ അതിൽ പകുതി നീ എടുത്തോളൂ എന്ന് സന്യാസി അവനോട് പറഞ്ഞു. ഇത് കേട്ടപ്പോൾ അത്യാഗ്രഹിയായ ശങ്കരന് സന്തോഷമായി. അവൻ നിധി കണ്ടെത്തി കൊടുക്കാം എന്ന് സന്യാസിയോട് പറഞ്ഞു. ഇത് കേട്ട ജിമ്പോ അവനെ വിലക്കി. ഇത് അപകടമാണ് എന്ന് അവൻ മുന്നറിയിപ്പ് നൽകി. പക്ഷേ ശങ്കരൻ കേട്ടില്ല. നീതി കണ്ടെത്താനുള്ള വഴികൾ സന്യാസി പറഞ്ഞു കൊടുത്തു. കടലിന്റെ തീരത്തെ ടിക്കോ കോട്ടയിൽ മുറ്റത്ത് ഒരുവൃത്താകൃതിയുള്ള കുഴികാണാൻ പറ്റും. അതിലേക്ക് ഇറങ്ങിയാൽ ഒരു ഗുഹയിലാണ് എത്തുക. ഗുഹയിലൂടെ മുന്നോട്ട് നടന്നാൽ രണ്ട് വലിയ പാമ്പിനെ കാണാൻ പറ്റും. അതിന്റെ മുന്നിൽ നിന്നിട്ട് ഞാൻ പറഞ്ഞു തരുന്ന ഈ മന്ത്രം ചൊല്ലണം. സന്യാസി അവനും മന്ത്രം ചൊല്ലിക്കൊടുത്തു. മന്ത്രം ചൊല്ലിയാൽ ഒരു വാതിൽ പ്രത്യക്ഷപ്പെടും.അത് തുറന്നു മുൻപോട്ട് നടക്കുമ്പോൾ ഒരു കല്ല് കാണാൻ പറ്റും.അതിൽ നീ മുട്ടുകുത്തി നിൽ ക്കണം. എന്നിട്ട് ഓം ക്രീം കുട്ടിച്ചാത്ത എന്ന മൂന്ന് പ്രാവശ്യം പറയണം. അപ്പോൾ നിനക്ക് നിധി കാണാൻ പറ്റും. അതെടുത്ത് തിരിച്ചു വരുമ്പോൾ പാമ്പിന്റെ മുന്നിൽ നിന്നും ഇതേ മന്ത്രം ചൊല്ലണം. പാമ്പ് നിന്നെ പോകാൻ അനുവദിക്കും. ഓടിവന്ന് നിധി എനിക്ക് തരണം. ഇത് കേട്ട് ജിംബോ ശങ്കരനെ പോകാൻ അനുവദിച്ചില്ല. പക്ഷേ ശങ്കരൻ പോകാൻ തന്നെ തീരുമാനിച്ചു.

നിധിയെടുത്ത് തിരികെ വരുമ്പോൾ അവനെ ഒരു പാമ്പുകടിച്ചു. വിഷം അവനിൽ കയറാൻ തുടങ്ങി. നിധി കിട്ടും എന്ന ചിന്തയിൽ നടന്ന അവൻ അത് അറിഞ്ഞില്ല. നിധിയുമെടുത്തു സന്യാസിയുടെ അടുത്ത് എത്തുംമ്പോഴേക്കും. അവൻ മരിക്കാറായിരുന്നു. കള്ള സന്യാസിക്ക്ഇത് നേരത്തെ അറിയാമായിരുന്നതുകൊണ്ട് നിധിയിൽ പകുതി അവനു കൊടുക്കേണ്ടി വന്നില്ല. അത്യാഗ്രഹിയായ ശങ്കരൻ അവിടെത്തന്നെ മരിച്ചു വീണു.

മുഹമ്മദ് ഇസാൻ
നാലാം ക്ലാസ്

# "സ്വർണ്ണ മാല"

പ്രശസ്ത സാഹിത്യകാരനായ ടി എൻ പ്രകാശ് രചിച്ച അതിമനോഹരമായ ഒരു കൃതിയാണ് സ്വർണ്ണമാല. ഇതിൽ അതിമനോഹരമായ വാക്കുകൾകൊണ്ട് തീർത്ത ഒരു കഥയാണ്.ഈ കൃതിയിൽഒരു കേരളീയ ബാലന്റെ വിദ്യാലയ ജീവിതത്തെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു. കണ്ണു നനയിച്ചുകൊണ്ട് അതിനിടയിലൂടെ ഊറിവരുന്ന സുഖമുള്ള ഓർമ്മകളുടെ കുളിർമയോടെയാണ് ഈ നോവൽ വായിച്ചു തീർക്കാൻ സാധിക്കുന്നത്. കുസൃതി നിറഞ്ഞ അമ്മൂമ്മയും ഒന്നാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയും ഉണ്ട് .അവൻ ഒരു ദിവസം സ്ലൈറ്റിൽ പാഠപുസ്തകം നോക്കി എഴുതുകയായിരുന്നു. പെട്ടെന്ന് അമ്മൂമ്മ സ്ലേറ്റും സ്ലേറ്റ് പെൻസിലും തട്ടിപ്പറിച്ചു കൊണ്ടുപോകുന്നു. ലക്ഷണമൊത്ത ഒരു കൊമ്പനാനയെ അമ്മൂമ്മ വരയ്ക്കുന്നു. അമ്മൂമ്മയെ ആരാണ് വരയ്ക്കാൻ പഠിപ്പിച്ചത് എന്ന് അവൻ ചോദിക്കുന്നു. എന്റെ അച്ഛനാണ് എന്ന് അമ്മൂമ്മ മറുപടി പറയുമ്പോൾ അത് അവനിൽ വളരെയധികം പ്രയാസമുണ്ടാക്കുന്നു. എനിക്ക് അച്ഛൻ ഇല്ലാത്തതു കൊണ്ടായിരിക്കും എനിക്ക് വരയ്ക്കാൻ അറിയാത്തത് എന്ന് അമ്മൂമ്മയോട് അവൻ സങ്കടം പറയുന്നു.
അമ്മൂമ്മ അവനെ ചേർത്തുപിടിച്ച് വാത്സല്യത്തോടെ തലോടിക്കൊണ്ട് പറഞ്ഞു. എന്റെ മോനെ ഞാൻ വരയ്ക്കാൻ പഠിപ്പിച്ചു തരില്ലേ പിന്നെ എന്തിനാണ് വിഷമിക്കുന്നത് എന്ന്. അമ്മൂമ്മയെ ആനയെ വരക്കാൻ മാത്രമേ അച്ഛൻ പഠിപ്പിച്ചു തന്നിട്ടുള്ളൂ എന്ന് അവൻ ചോദിക്കുന്നു. മയിലിനെയും എല്ലാം വരയ്ക്കാൻ അറിയാം എന്ന് മുത്തശ്ശി പറയുകയും കൂടാതെ എല്ലാം മുത്തശ്ശി നിനക്ക് ആയിട്ടും പഠിപ്പിച്ചു തരാമെന്ന് അവനോട് പറയുകയും ചെയ്യുന്നു. വീണ്ടും വീണ്ടും അവൻ അച്ഛനില്ലാത്തതിന്റെ വിഷമം പങ്കിട്ടപ്പോൾ നിനക്ക് അമ്മൂമ്മയും അമ്മയും ഇല്ലേ എന്ന് മുത്തശ്ശി ചോദിക്കുകയും നീ പേടിക്കേണ്ട എന്ന് അവനോട് പറയുകയും ചെയ്യുന്നു. അങ്ങനെ സ്നേഹത്തോടെയും വാത്സല്യത്തോടെയും ഈ അമ്മൂമ്മ അവനെ പലതും പഠിപ്പിച്ചു കൊടുക്കുന്നു.

ചെറിയ കുട്ടികളെ സംബന്ധിച്ചിടത്തോളം മികച്ച വായനാനുഭവം നൽകുന്ന ഒരു കൃതിയാണ് സ്വർണ്ണമാല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സഹപാഠികളും അധ്യാപകരും ഒരു ചലച്ചിത്രത്തിൽ എന്നപോലെ ഇതിൽ കടന്നുവരുന്നു. എല്ലാ അർത്ഥത്തിലും ഒരു മികച്ച കൃതി തന്നെയാണ് സ്വർണ്ണമാല.

നജ ഫാത്തിമ
ഒമ്പതാം ക്ലാസ്

# അനിയൻ തവളയും ചേട്ടൻ തവളയും

പണ്ട് പണ്ട് രണ്ട് തവളകൾ ഉണ്ടായിരുന്നു. അവരുടെ നാട്ടിൽ എപ്പോഴും വെള്ളം ഉണ്ടാകാറുണ്ട്. അങ്ങനെ ഒരു ദിവസം ആ നാട്ടിലെ വെള്ളം വറ്റിതീർന്നു. ആ സമയത്ത് അവർക്ക് നല്ലപോലെ ദാഹിച്ചു. അനിയൻ തവളയും ചേട്ടൻ തവളയും കൂടി വെള്ളം തേടി നടക്കാൻ തുടങ്ങി... അങ്ങനെ അവർ നടന്ന് നടന്ന് ഒരു പൊട്ടകിണറിന്റെ അരികിലെത്തി.

അനിയൻ തവള പറഞ്ഞു: 'ചേട്ടാ ഇതാ ഇവിടൊരു കിണർ. ഇതിൽ കുറേ അധികം വെള്ളം ഉണ്ടാകും.

ചേട്ടൻ തവള പറഞ്ഞു : അതെ ഇതിൽ കുറേ വെള്ളം ഉണ്ടാകും.

അങ്ങനെ അവർ രണ്ടുപേരും വെള്ളം കുടിച്ചു ദാഹം മാറ്റി. രണ്ടുപേർക്കും നല്ല സന്തോഷമായി.

ഫാത്തിമ തൻഹ. ടി. കെ
മൂന്നാം ക്ലാസ്സ്

# ആനയും പൂച്ചയും കൂട്ടുകാർ

ഒരു പൂച്ച മീൻ കഴിക്കാൻ പോയി. നായ പുറകേയോടി, പൂച്ച വീണു. ആന അതുകണ്ടു നായയെ ഓടിച്ചു. പൂച്ച കുഴിയിൽ വീണത് കണ്ടിട്ട് ആനക്ക് വല്ലാതെ സങ്കടമായി. അങ്ങാനായിരിക്കെ മുയലും, കരടിയും പോകുന്നത് കണ്ടു. ആന അവരെ വിളിച്ചു. എല്ലാവരും കൂടി പൂച്ചയെ കുഴിയിൽ നിന്ന് രക്ഷിക്കാൻ സഹായിച്ചു. അവർ കൂട്ടുകാരായി. ഒരു ദിവസം പൂച്ച വീട്ടിൽ നിന്ന് പുറത്തു പോയി. വീണ്ടും നായ പൂച്ചയുടെ നേരെ ഓടിവന്നു. പൂച്ച ഓടി വീട്ടിൽ കയറി വെള്ളവും കുടിച്ച് പൂച്ച ഉറങ്ങി.

ആരവ് താരേഷ്
മൂന്നാം ക്ലാസ്സ്

# തത്തമ്മ

പച്ച നിറത്തിൽ തത്തി തത്തി തുള്ളും തത്തമ്മ

നിന്റെ ഈ പച്ചയുടുപ്പ് തയിച്ചതാരാണ്

നിന്റെ പേരെന്താണെന്ന് ചൊല്ലാമോ തത്തമ്മേ

നിനക്ക് നല്ല ചന്തമുണ്ടാലോ തത്തമ്മേ

നിന്റെ ഈ ചുവന്ന കൊക്ക് എങ്ങനാക്കിട്ടി തത്തമ്മേ

നീ മാണത്തൂടെ പറക്കുന്നതു കാണാൻ എന്തൊരു സൗന്ദര്യം.

ദേവാഞ്ജന
നാല്. എ

# മിന്നുമാനും അണ്ണാൻ കുഞ്ഞും

മിന്നുമാൻ ഉണർന്നു. നല്ല വിശപ്പ് തോന്നി. മെല്ലേ പുറത്തേക്കിറങ്ങി. നല്ല മധുരമുള്ള പുല്ല് കഴിച്ചു. പുല്ല് കഴിച്ചതിനുശേഷം അവന്റെ കൂട്ടുകാരനായ അണ്ണാൻ കുഞ്ഞിനെ കണ്ടു. അണ്ണാൻ കുഞ്ഞിനെ കണ്ടപ്പോൾ മിന്നു മാനിനു സന്തോഷമായി. അവർ രണ്ടുപേരും സന്തോഷത്തോടെ കളിച്ചു. രാത്രി ആയപ്പോൾ അവർ രണ്ടുപേരും കളിനിർത്തി വീട്ടിലേക്ക് പോയി.


അഭിനവ്. ജി

മൂന്നാം ക്ലാസ്സ്

# നല്ല കൂട്ടുകാർ

ഒരു ദിവസം തത്ത അവന്റെ കൂട്ടുകാരനായ പരുന്തിനോട് പറഞ്ഞു നമുക്ക് ഒരു യാത്ര പോകാം. ശരി കൂട്ടുകാരാ എവിടെയാണ് നമുക്ക് പോകേണ്ടത്?

തൈമണി കാട്ടിൽ!!

അവർ കാട്ടിൽ എത്തി. അപ്പോഴതാ അവരുടെ കൂട്ടുകാരനായ ചിണ്ടൻ കുരുവിയെ ഒരു സിംഹം ആക്രമിക്കുന്നു... അവർ രണ്ടുപേരും ഒറ്റക്കെട്ടായി സിംഹത്തിന് നേരെ പാഞ്ഞടുത്തു. സിംഹത്തെ ഓടിച്ചു. അങ്ങനെ എല്ലാവർക്കും സന്തോഷമായി.

ക്രിസ് അലക്സ് സിബിഷ്
മൂന്നാം ക്ലാസ്



"വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല. അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജ്ജിക്കലാണ്."